<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155</u> <u>06-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ബാലുശ്ശേരി താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ അഭാവം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആകെ സൃഷ്ടിച്ചിട്ടുള്ള 55 തസ്തികകളിൽ 51ലും നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് പരിഹരിക്കാനുള്ള നടപടി എടുത്തു വരുന്നുണ്ട്. നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് കുറ്റമറ്റ രീതിയിലുള്ള സേവനം നൽകി വരുന്നുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.**<br><br>**ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) -1**<br><br>**ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) -1**<br><br>**ഫാർമസിസ്റ്റ് ഗ്രേഡ് 2-1**<br><br>**സ്റ്റാഫ് നഴ്സ് ഗ്രേഡ് 2- 3**<br><br>**ദന്തൽ അസിസ്റ്റന്റ് സർജൻ -1**<br><br>**കൂടാതെ 21.01.2020 ലെ ജി.ഒ(ആർ.ടി) നം. 157/2020/ആ.കു.വ എന്ന ഉത്തരവ് പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 4 തസ്തികയും ബാലുശ്ശേരി താലൂക്കാശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.** |
| (ബി) | താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | ആർദ്രം മാനദണ്ഡമനുസരിച്ച് ഓരോ തലത്തിലുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട തസ്തികകൾ നിജപ്പെടുത്തി അവ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (സി) | ആർദ്രം മാനദണ്ഡമനുസരിച്ച് ഓരോ തലത്തിലുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട തസ്തികകൾ നിജപ്പെടുത്തി അവ ഘട്ടംഘട്ടമായി |

| | | | |
|---|---|---|---|
| | എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | | സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ